# News @SMHS മാസാന്ത്യ വാർത്ത ജൂലൈ 2023



## ബിരിയാണി ചലഞ്ച്





**കൂടത്തായി :** സെൻമേരിസ് ഹൈസ്കൂൾ കൂടത്തായി - ലൈബ്രറി, സയൻസ് ലാബ് എന്നിവ നവീകരിക്കുന്നതിന് ആവശ്യമായ സാമ്പത്തിക സമാഹരണത്തിന്റെ ഭാഗമായി 2023 ജൂലൈ 1 ശനിയാഴ്ച സ്കൂൾ പി ടി എ യുടെ ആഭിമുഖ്യത്തിൽ ബിരിയാണി ചലഞ്ച് സംഘടിപ്പിച്ചു. സ്കൂളിലെ മുഴുവൻ കുട്ടികൾ, രക്ഷിതാക്കൾ, പൂർവ്വഅധ്യാപകർ, പൂർവ്വ വിദ്യാർത്ഥികൾ, പൊതുജനങ്ങൾ, അധ്യാപകർ ഏവരുടെയും സഹായസഹകരണത്തോടെ ബിരിയാണി ചലഞ്ച് വിജയകരമായി പൂർത്തിയാക്കാൻ സാധിച്ചു.

## അഭിനന്ദനങ്ങൾ




വി.കെ പ്രമോദ് കവിതാ രചനാ മത്സരത്തിൽ മികച്ച രണ്ടാമത്തെ കവിതയ്ക്കുള്ള പുരസ്കാരംഎൽ പി വിഭാഗം അധ്യാപിക നിഷ ആന്റണി എഴുതിയ പേരില്ലാത്തവർ എന്ന കവിതയ്ക്ക് ലഭിച്ചു.


മലയാള മനോരമ
കുട്ടിയെഴുത്ത്

നിന്നെയൊന്ന് കാണണം
ആ മിഴിയിലൊന്ന് തലോടണം
മരിച്ചു പോയ ഓർമകളാൽ,
കെട്ടിപുണരണം
പിന്നീടൊന്നും പറയാതെ
തിരിച്ചുപോരണം
അത്രമാത്രം.

ഗൗരി
സെന്റ് മേരീസ് എച്ച്എസ്എസ്,
കൂടത്തായി




## എന്റെ മരം



കുട്ടിക്കാലം മുതൽ എസ് പി സി പദ്ധതികൾ എന്നെ ഏറെ ആകർഷിച്ചിരുന്നു.എസ് പി സി യിൽ എന്നെ ഏറ്റവും ആകർഷിച്ചത് പരിസ്ഥിതിയുമായി ഇണങ്ങി കുറേ പ്രവർത്തനങ്ങൾ ചെയ്യതായിരുന്നു ചെടികൾ നട്ടു പിടിപ്പിക്കുകയും, പക്ഷികൾക്ക് വെള്ളം കൊടുക്കുകയും, ഉപയോഗത്തിന് ശേഷം ഉപേക്ഷിക്കുന്ന, പ്രകൃതിക്ക് ദോഷം ചെയ്യുന്നതുമായ വസ്തുക്കൾ ശേഖരിച്ച് അത് ഉപയോഗിച്ച് ഉപയോഗപ്രദമായ വസ്തുക്കൾ നിർമിക്കുകയും തുടങ്ങി ഏറെ പ്രവർത്തനങ്ങൾ പ്രകൃതിസുരക്ഷയുമായി ബന്ധപ്പെട്ട് എസ് പി സി ചെയ്യുന്നുണ്ട്. അതുപോലെ പ്രകൃതിയുമായി ബന്ധപ്പെട്ട് എസ് പി സി ആരംഭിച്ച മറ്റൊരു പദ്ധതി ആയിരുന്നു എന്റെ മരം പദ്ധതി.

ഓരോ വർഷവും എസ് പി സി കുട്ടികൾക്ക് തൈകൾ നൽകാറുണ്ട്. ആദ്യമായ് എസ് പി സി  യിൽ നിന്നും നൽകിയ മാവിൻ തൈ ഞാൻ വീട്ടിൽ നട്ടു പിടിപ്പിച്ച് അതിനാവശ്യമായ വെള്ളവും മറ്റും നൽകി വളർത്തുന്നു. ഓരോ ഇല മാവിൻ തൈയിൽ തളിർക്കുമ്പോഴും ഞാൻ കൗതുകത്തോടെ നോക്കിനിൽക്കാറുണ്ട്.ഓരോ തരത്തിലും അവയെ പരിപാലിക്കുമ്പോൾ ഞാൻ ഏറെ സന്തോഷിക്കുന്നു.മറ്റൊരു ദിവസം ഞങ്ങൾക്ക് എട്ട് മുരിങ്ങത്തൈ വീതം തന്നു .അതും ഞാൻ നട്ടുപിടിപ്പിച്ചു.ഓരോ ഇലകളും എന്നിൽ ആനന്ദം ഉണർത്തി.അതുപോലെ ഈ 2023-24 വർഷത്തിൽ പുതിയതായി എസ് പി സി യിൽ ചേരുന്ന കുട്ടികൾക്ക് വെണ്ണ പഴത്തിന്റെ തൈ (avacado) തൈ നൽകാൻ തീരുമാനിച്ചു. പ്രകൃതിയുമായി ബന്ധപ്പെട്ട മധുരവനം എന്ന പദ്ധതിയിൽ സ്കൂളിലേക്ക് വേണ്ട പച്ചക്കറികളും ഫലങ്ങളും സ്കൂളിൽ തന്നെ നട്ടുപിടിപ്പിക്കുന്നു. എസ് പി സി യിൽ ചേർന്നത് മുതൽ പ്രകൃതിയുമായി കൂടുതൽ ഇടപെഴകാനും സ്നേഹിക്കാനും എനിക്ക് കഴിയുന്നുണ്ട്. ഇതിനു ഞങ്ങളെ പ്രോത്സാഹിപ്പിക്കുന്ന എസ് പി സി അദ്ധ്യാപകർക്കും ഡി  ഐ മാർക്കും നന്ദി അറിയിക്കുന്നു.

**ഗൗരി ബി,**എസ് പി സി സീനിയർ കേഡറ്റ്,
സെന്റ് മേരീസ് എച്ച് എസ് എസ് ,കൂടത്തായി, കോഴിക്കോട് റൂറൽ

## ലിറ്റിൽ കൈറ്റ്സ് പ്രിലിമിനറി ക്യാമ്പ് നടത്തി





താമരശ്ശേരി :കൂടത്തായി സെന്റ് മേരീസ് ഹൈസ്കൂളിലെ  2023-26 ബാച്ചിന്റെ പ്രിലിമിനറി ക്യാമ്പ് നടന്നു. മാസ്റ്റർ ട്രെയിനർ നൗഫൽ സാർ  ക്യാമ്പിന് നേതൃത്വം നൽകി. ഉദ്ഘാടന ചടങ്ങിൽ സ്കൂൾ ഹെഡ്മിസ്ട്രസ് ഷൈനി തോമസ് ടീച്ചർ, മാനേജർ Fr. ബിബിൻ ജോസ്, സ്റ്റാഫ് സെക്രട്ടറി സുധേഷ് വി , എസ്. ആർ. ജി. കൺവീനർ അരുൺ കുമാർ, കൈറ്റ് മിസ്ട്രസുമാരായ റീനമോൾ എം സി , സിനി  മാത്യു എന്നിവർ പങ്കെടുത്തു. ചടങ്ങിൽ ലിറ്റിൽ കൈറ്റ്സ് യൂണിറ്റിന്റെ മാസാന്ത്യവാർത്ത "News@SMHS" പ്രകാശനം ചെയ്തു. സ്കൂളിലെ ജൂൺ മാസത്തെ പ്രവർത്തനങ്ങൾ ഉൾക്കൊള്ളിച്ചാണ് News@SMHS തയ്യാറാക്കിയിരിക്കുന്നത്. ക്യാമ്പിൽ ഹൈടെക് ക്ലാസ് ഉപകരണങ്ങൾ കൈകാര്യം ചെയ്യുന്നതിനെ കുറിച്ചും, ആപ്പ് ഇൻവെന്റർ, ഗെയ്മിംഗ്, അനിമേഷൻ എന്നിവയുടെ പ്രാഥമിക കാര്യങ്ങളെക്കുറിച്ചും കുട്ടികൾക്ക് അറിവ് ലഭിച്ചു. IT മേഖലയിൽ കുട്ടികളുടെ താല്പര്യം വർദ്ധിപ്പിക്കാൻ ഈ ക്യാമ്പ് ഉപകരിച്ചു.

## അക്കാദമിക പ്രവർത്തനങ്ങൾ
## HS SRG യോഗം







കൂടത്തായി : അക്കാദമിക പ്രവർത്തനങ്ങൾ വിലയിരുത്താനായി ജൂലൈ 11 ചൊവ്വ എസ് ആർ ജി മീറ്റിംഗ് നടന്നു.സബ്ജക്ട് കൗൺസിൽ റിപ്പോർട്ട് അവതരണം, പുതിയ പഠന പ്രവർത്തനങ്ങളുടെ ആസൂത്രണം, മൂല്യനിർണയം, ഇൻസ്പെയർ അവാർഡ്, NMMS പരിശീലനം എന്നിവയായിരുന്നു മുഖ്യഅജണ്ട.

എട്ടാം ക്ലാസിൽ പഠിക്കുന്ന പഠന പിന്നോക്ക ആവശ്യമായ കുട്ടികൾക്ക് എല്ലാ ദിവസവും 15-20 മിനിറ്റ് പ്രത്യേക ക്ലാസ് നൽകാൻ തീരുമാനിച്ചു. ഇതിന് നേതൃത്വം നൽകാനായി ലിൻസി ടീച്ചറെ തിരഞ്ഞെടുത്തു. 2023 - 24 അധ്യയന വർഷത്തിലെ NMMS പരീക്ഷാ പരിശീലനത്തിന് നേതൃത്വം ബെന്നി സാറിനെ ഏൽപ്പിച്ചു. 8, 9 ക്ലാസിലെ കുട്ടികൾക്ക് യൂണിറ്റ് ടെസ്റ്റ് നടത്താനും തീരുമാനിച്ചു.
Educare പ്രവർത്തനങ്ങൾ - 1st Mid term പരീക്ഷകൾ ജൂലൈ 18 മുതൽ 22 വരെ നടത്താൻ തീരുമാനിച്ചു.

### പഠന പിന്നോക്ക ആവശ്യമുള്ള കുട്ടികൾക്ക് ക്ലാസ്സുകൾ അധ്യാപകരുടെ നേതൃത്വത്തിൽ നൽകുന്നു





### അഭിനന്ദനങ്ങൾ






കൂടത്തായി : കൊടുവള്ളി ഉപജില്ല ചാന്ദ്രദിന ക്വിസ് മത്സരത്തിൽ ഹൈസ്കൂൾ വിഭാഗത്തിൽ 8 H പഠിക്കുന്ന സൂര്യദേവ് കെ ടി മൂന്നാം സ്ഥാനം കരസ്ഥമാക്കി.




കൂടത്തായി : കൊടുവള്ളി ഉപജില്ല വിദ്യാരംഗം കലാസാഹിത്യവേദി നടത്തിയ ബഷീർ അനുസ്മരണ ആസ്വാദന ഭാഷണ മത്സരത്തിൽ 8 E പഠിക്കുന്ന അഭിനന്ദ കെ കെ മൂന്നാം സ്ഥാനം കരസ്ഥമാക്കി.

# P T A 2023-24









കൂടത്തായി : സെന്റ് മേരീസ് ഹൈസ്കൂൾ 2023-24 അധ്യയന വർഷത്തെ ആദ്യ പി ടി എ ജനറൽബോഡി യോഗം സ്കൂൾ ഓഡിറ്റോറിയത്തിൽ വച്ച് നടത്തി. 2022-23 പി ടി എ പ്രവർത്തന റിപ്പോർട്ട് , വരവ് ചെലവ് കണക്ക് അവതരണം നടന്നു. അക്കാദമിക നിലവാരം മെച്ചപ്പെടുത്തുന്നതിനുള്ള നിർദ്ദേശങ്ങളും ചർച്ചകളും നടത്തി. 2023-24 അധ്യയന വർഷത്തെ P T A എക്സിക്യൂട്ടീവ് തെരഞ്ഞെടുപ്പ് നടന്നു. P T A പ്രസിഡന്റ് മുജീബ് കെ കെ, വൈസ് പ്രസിഡന്റ് കെ എസ് മനോജ് കുമാരൻ, MPTA പ്രസിഡന്റ് ശ്രീജ, വൈസ് പ്രസിഡന്റ് ജാസ്മിൻ എന്നിവരെ തെരഞ്ഞെടുത്തു.

### ചാന്ദ്രദിനം - ശാസ്ത്രോത്സവം - എക്സിബിഷൻ സംഘടിപ്പിച്ചു





താമരശ്ശേരി-ചാന്ദ്രദിനത്തിൽ കൂടത്തായ് സെന്റ് മേരീസ് ഹൈസ്കൂളിൽ യു.പി വിഭാഗം കുട്ടികൾക്കായി ശാസ്ത്രോത്സവം പരിപാടി സംഘടിപ്പിച്ചു. സ്കൂൾ മാനേജർ ഫാദർ ബിബിൻ ജോസ് ഉദ്ഘാടനം നിർവ്വഹിച്ചു. പ്രഥമാധ്യാപിക ശ്രീമതി ഷൈനി തോമസ്, സ്റ്റാഫ് സെക്രട്ടറി ശ്രീ സുധേഷ്. വി ചടങ്ങിൽ സംബന്ധിച്ചു. ശാസ്ത്രമേളയിൽ കുട്ടികൾ വിവിധ ലഘു പരീക്ഷണങ്ങൾ അവതരിപ്പിക്കുകയും കുട്ടികൾ നിർമ്മിച്ച വിവിധ ശാസ്ത്രഉപകരണങ്ങളുടെ പ്രദർശനം നടത്തുകയും ചെയ്തു. കുട്ടികളിൽ ശാസ്ത്ര കൗതുകം വളർത്തുന്ന നിരവധി പ്രവർത്തനങ്ങളും നടന്നു. അധ്യാപകരായ സജി മാത്യു, ശ്രീന അജയ്, നിഷ റോസ്, ആൽബിൻ ബേബി പരിപാടികൾക്ക് നേതൃത്വം നൽകി.



കൊടുവള്ളി ഉപജില്ല സുബ്രതോ ഫുട്ബോൾ ടൂർണമെന്റ് കൂടത്തായി സെന്റ് മേരീസ് എച്ച്.എസ്.എസ് പ്രിൻസിപ്പാൾ ഫാദർ സിബി പൊൻപാറ ഉദ്ഘാടനം ചെയ്യുന്നു.


മലയാള മനോരമ

നല്ലപാഠം ക്ലബ്

സെന്റ് മേരീസ് ഹൈസ്കൂൾ
കൂടത്തായി

അധ്യാപക കോ ഓർഡിനേറ്റർമാർ
1 ഷിതിൻ വർഗീസ്
2 നിഷ തോമസ്

വിദ്യാർഥി കോ ഓർഡിനേറ്റർമാർ
1 ബി.ഗൗരി
2 അനിറ്റ് തോമസ്